ഗവ.യു.പി.സ്കൂൾ,
പുന്നത്തുറ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# സ്കൂൾ വിവരങ്ങൾ

സ്ഥാപിതം : 1915

സ്കൂളിന്റെ പേര് : ഗവ. യു. പി സ്കൂൾ, പുന്നത്തുറ

മേൽവിലാസം : പുന്നത്തുറ (W) പി.ഒ
കോട്ടയം ജില്ല

പിൻകോഡ് : 686631

ഫോൺനമ്പർ : 0481 2534939

ഇ-മെയിൽ അഡ്രസ്സ്: gupspunnathura@gmail.com

സ്കൂൾകോഡ് : 31462

യുഡൈസ് കോഡ് : 32100300404

മുനിസിപ്പാലിറ്റി : ഏറ്റുമാനൂർ

റവന്യൂജില്ല : കോട്ടയം

വിദ്യാഭ്യാസജില്ല : പാല

ഉപജില്ല : ഏറ്റുമാനൂർ

# ഗവ. യു. പി. സ്കൂൾ, പുന്നത്തുറ

# ചരിത്രത്തിന്റെ നാൾവഴികൾ

കോട്ടയം ജില്ലയിലെ, പാലാവിദ്യാഭ്യാസജില്ലയിൽ ഏറ്റുമാനൂർ ഉപജില്ലയിൽ, പുന്നത്തുറ എന്ന അതിമനോഹരമായ ഗ്രാമത്തിലുള്ള ഒരു സർക്കാർ വിദ്യാലയമാണ് ഗവ. യു. പി സ്കൂൾ, പുന്നത്തുറ.

ഈ ഗ്രാമത്തിലെ കോതമംഗലം ഇല്ലം നൽകിയ സ്ഥലത്താണ് 1915ൽ ഗവ. യു. പി സ്കൂൾ ആരംഭിച്ചത്. ആദ്യനാളുകളിൽ പൊയ്കസ്കൂൾ എന്നാണ് അറിയപ്പെട്ടത്. ഓലമേഞ്ഞ മേൽക്കൂരയോടുകൂടിയ ഒരു കെട്ടിടത്തിലായിരുന്നു 1940 വരെ 1 മുതൽ 4 വരെയുള്ള ക്ലാസുകൾ പ്രവർത്തിച്ചിരുന്നത്. 1942ൽ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തി ഓടുമേഞ്ഞു. കെട്ടിടത്തിന്റെ സമീപത്തായി ഒരു ഓഫീസ് മുറി പണിതു. 1969ൽ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് 7-ാം ക്ലാസുവരെയാക്കി. ആ സമയത്ത് നാലു ക്ലാസ്സുമുറികളോടുകൂടിയ ഒരു കെട്ടിടംകൂടി നിർമിച്ചു. ഇന്ന് കമ്പ്യൂട്ടറോടുകൂടിയ ഓഫീസ് റൂം, ലൈബ്രറിയുമുണ്ട്. അഡ്വ. കെ. സുരേഷ്കുറുപ്പ് MLA യുടെ ആസ്തിവികസനഫണ്ട് [2015-16] ഉപയോഗിച്ച് നിർമിച്ച മൾട്ടിമീഡിയ ക്ലാസ്മുറി, 12.04.2018ൽ ഉദ്ഘാടനംചെയ്ത് പ്രവർത്തിച്ചു വരുന്നു.

ഒരു നൂറ്റാണ്ടു പിന്നിട്ട നമ്മുടെ സ്കൂൾകെട്ടിടം, കാലപ്പഴക്കം കൊണ്ടുണ്ടാകാവുന്ന അസൗകര്യങ്ങൾ നേരിട്ടുകൊണ്ടാണ് ഈ നാട്ടിലെ കുരുന്നുകൾക്ക് അറിവിന്റെ വെളിച്ചമേകിയിരുന്നത്. ആയതിനാൽ 2018ൽ

പഴയ സ്കൂൾകെട്ടിടം പൊളിച്ചുമാറ്റി. സംസ്ഥാനസർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി, കെട്ടിടനിർമാണത്തിനായി 2 കോടി 17 ലക്ഷം രൂപ അനുവദിച്ചുനൽകുകയുണ്ടായി.

വിവിധതലങ്ങളിൽ, പലവിധബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നുവെങ്കിലും 2023ൽ നമുക്ക് കെട്ടിടനിർമാണം ആരംഭിക്കുവാൻ കഴിഞ്ഞു. കെട്ടിടനിർമാണം ഏകദേശം 90% ത്തിലധികം പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു.

2025-26 അധ്യയന വർഷത്തിൽ തന്നെ പുതിയ സ്കൂൾകെട്ടിടത്തിലേക്ക് മാറി, ഫലപ്രദമായ പഠനാന്തരീക്ഷമൊരുക്കി, നൂതനസാങ്കേതികവിദ്യയുടെ സഹായത്തോടെ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങൾ നേടാൻ കുട്ടിയെ പ്രാപ്തനാക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനുതകുന്നരീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ① ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | ① പ്രീടെസ്റ്റ്<br>② അക്ഷരം ഉറപ്പിക്കൽ<br>③ ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>④ വാക്യങ്ങൾ നിർമ്മിക്കൽ<br>(5) ചിത്രങ്ങൾക്ക് അടിക്കുറിപ്പ് എഴുതൽ<br>(6) ചിത്രങ്ങളിൽ നിന്ന് കഥ നിർമ്മാണം<br>(7) കഥാപുസ്തകങ്ങൾ വായന<br>(8) ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | ജൂൺ - ഒക്ടോബർ | പ്രധാനാധ്യാപകൻ<br>മലയാളം അധ്യാപിക |
| ② വായനയുടെ നിലവാരം മെച്ചപ്പെടുത്തൽ | ① ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ<br>② സ്കൂൾ ലൈബ്രറി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ<br>(3) ഭാഷാക്ലബ്ബ് രൂപീകരണം<br>(4) വായനക്കുറിപ്പ് തയ്യാറാക്കൽ<br>(5) വായനാനുഭവം പങ്കുവയ്ക്കൽ<br>(6) പത്രവായന -<br>(7) ദിനാചരണങ്ങൾ<br>(8) സ്കൂൾ അസംബ്ലി- പത്രവായന, മഹദ്വചനം, വായന, റിപ്പോർട്ട് അവതരണം, പുസ്തകാസ്വാദനം. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| | 9) ആനുകാലികപ്രസിദ്ധീകരണങ്ങൾ - വായന<br>10) വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>11) സർഗവേള - പ്രവർത്തനങ്ങൾ<br>12) അമ്മ വായന<br>13) ഇ - വായന<br>14) വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ - ലൈബ്രറി ക്രമീകരണം - വിവിധ സാഹിത്യവിഭാഗങ്ങൾ തിരിച്ച് | | |
| (3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1) ചിത്രങ്ങൾ, സൂചനകൾ ഇവയിൽനിന്ന് കഥകൾ തയ്യാറാക്കൽ<br>2) കഥയിൽ നിന്ന് കവിത, നാടകം ഇവ തയ്യാറാക്കൽ.<br>3) പതിപ്പുകൾ, സ്കൂൾ മാഗസിൻ ഇവ തയ്യാറാക്കുക.<br>4) ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | | |
| (4) കുട്ടിയുടെ ഭാഷാശേഷി വികസിപ്പിക്കുക. | 1) മലയാളം ഫെസ്റ്റ്<br>2) സ്കൂൾ അസംബ്ലി പ്രവർത്തനങ്ങൾ<br>3) പഴഞ്ചൊല്ല് / കടങ്കഥാ പയറ്റ്<br>4) കഥ, കവിത - അവതരണം | | |

| | | | |
|---|---|---|---|
| 4 | 5) മേനി പറച്ചിൽ<br>6) പുസ്തകചർച്ച. | | |
| (4) സാഹിത്യകൃതികളോടും സാഹിത്യകാരൻമാരോടും അനുകൂലമനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ. | സംവാദം / അഭിമുഖം<br>- സാഹിത്യകാരൻമാർ, എഴുത്തുകാർ, കലാകാരൻമാർ ഇവരുമായുള്ള അഭിമുഖസംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കൽ | | |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കുക | 1) രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചൊൽക്കാഴ്ചകൾ, നാടകങ്ങൾ, ഇവ തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>2) ശില്പശാല<br>വിദഗ്ദ്ധരായ കലാകാരൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാല നടത്തുന്നു.<br>3) കുട്ടികളുടെ വാർത്ത<br>ഓരോ ആഴ്ചയും സ്കൂളിൽ നടന്ന പ്രധാനസംഭവങ്ങൾ വാർത്തയാക്കി അസംബ്ലിയിൽ അവതരിപ്പിക്കും | | |

| | | | |
|---|---|---|---|
| | | | |
| | കുന്നു.<br>രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ | ടേമിലൊന്ന് | ഭാഷാധ്യാപകർ. |
| 6) രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തൽ | കുട്ടികളുടെ രചനകൾ സ്കൂൾബ്ലോഗിൽ ചേർക്കൽ | പ്രതിമാസം | വിദ്യാരംഗം കലാസാഹിത്യവേദി,<br>ഭാഷാധ്യാപകർ. |
| 7) ഒരു സാഹിത്യരൂപത്തെ മറ്റൊരു സാഹിത്യരൂപത്തിലേക്ക് മാറ്റൽ. | പാഠഭാഗങ്ങളെയും വായിച്ചിട്ടുള്ള പുസ്തകങ്ങളെയും വ്യത്യസ്ത സാഹിത്യരൂപത്തിലേക്ക് മാറ്റൽ. | പ്രതിമാസം | മലയാളം അധ്യാപിക. |
| 8) അവതരണമികവ് കൈവരിക്കൽ | വിവിധ കലാപരിപാടികളുടെ അവതരണം | ആഴ്ചയിലൊന്ന് | ഭാഷാധ്യാപിക.<br>വിദ്യാരംഗം. |
| | | | |

# ENGLISH

| Goals | Activities | Duration | Charge |
|---|---|---|---|
| * Proper pronounciation | * Audio-Video clippings on correct pronounciation<br>* Language Lab<br>* ICT facilities.<br>* Readers theatre. | 2025-'26 | Subject Council<br>PTA |
| * Develop communication skill. | * Dramatisation of stories and enacting them<br>* Conducting debates and Seminars<br>* Conducting English fest<br>* Language Lab<br>* English Assembly | | |
| * Addressing slow-pace learners. | * TMs and TLMs addressing slow-pace learners.<br>* Special coaching classes for slow-pace learners. | | |
| * Support to gifted | * Special Coaching Classes<br>* Introducing English Library.<br>* English book exhibition<br>* Magazines created by children | | |

| Aim | Activities | Duration | Support |
|---|---|---|---|
| | * English books - Exhibition<br>* Magazines created by children. | | |
| * To improve vocabulary. | * word games<br>* word study using computer<br>* Spelling contest<br>* Making cross-word puzzle<br>* Dictionary making using words in the text book. | | |
| * To improve sentence pattern | * making sentence card and using in class room<br>* Correct sentence structure with ICT facilities<br>* Publishing magazines in english<br>* English bullettin | | |
| * To improve handwriting | * English diary<br>* Copy writing | | |

# HINDI

UP HINDI

| Programme | Activity | Duration | Materials needed | Support |
|---|---|---|---|---|
| 1) UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | * അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>* classൽ അക്ഷരമാല പ്രദർശനം<br>• Online അക്ഷരമാല കളികൾ<br>* വാക്കുകൾ, വാക്യങ്ങൾ-നിർമ്മാണം | June to August | അക്ഷരകാർഡ്<br>പാഠപുസ്തകം | BRC<br>DIET<br>SCERT<br>Hindi Teacher |
| 2) വീട് ഒരു Lab [കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കൽ] | * വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കൽ<br>* ICT സഹായത്തോടെ വസ്തുക്കളുടെ പേരുകളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | September to October | ഹിന്ദി നിഘണ്ടു | Resource teachers *<br>PTA, BRC<br>Hindi teacher. |
| 3) ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | * ഹിന്ദി അസംബ്ലി<br>* ദിനാചരണങ്ങൾ<br>* ക്ലാസ് ലൈബ്രറി<br>* അധിക വായന<br>* ചിത്രകഥ തയ്യാറാക്കൽ<br>* ചിത്രം- അടിക്കുറിപ്പ് | | | |

| | | | | |
|---|---|---|---|---|
| | * ചിത്രം- കഥപറയൽ<br>* ചിത്രം - കഥ എഴുതൽ<br>* കഥ- ബാക്കി എഴുതൽ<br>* വായനാമൂല<br>* ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | November-<br>February | പുസ്തകങ്ങൾ | Hindi teacher<br>BRC<br>DIET<br>PTA |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1) പഠന സാമഗ്രികൾ ഉപയോഗിച്ചുള്ള പഠനം | 1) ഗണിതലാബ് ശാക്തീകരണം<br>2) ക്ലാസ് ഗണിതലാബ് സജ്ജീകരണം | 2025 ജൂൺ - 2026 ജൂൺ | ഗണിതാധ്യാപിക |
| 2) ഗണിതഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുന്നു | ഗണിത ലൈബ്രറി സജ്ജീകരണം | 2025 ജൂൺ - ആഗസ്റ്റ് | |
| 3) ഗണിതപഠനം രസകരവും ആകർഷകവുമാക്കണം | 1) ഗണിത മൂലകത്തിൽ ബോർഡ് സ്ഥാപിക്കൽ<br>2) ഗണിത ക്ലബ്ബ് ശാക്തീകരണം. | | ഗണിതവിഷയ- സമിതി |
| 4) ഗണിതത്തിലെ മുഴുവൻ ശേഷികളും നേടാൻ കുട്ടികളെ പ്രാപ്തരാക്കണം. | 1) Maths work sheet<br>2) Geogebra പരിശീലനം | 2025 - 26 | |
| 5) ഗണിത സാഹിത്യ- സൃഷ്ടികൾ പരിചയ- പ്പെടാനും സ്വയംരച- നകൾ നടത്താനും പ്രാപ്തരാക്കണം. | 1) ഗണിത മാഗസിൻ<br>2) ചുമർ പത്രികകൾ -<br>3) ഗണിത ശാസ്ത്രമേള<br>4) ചോദ്യോത്തരപ്പെട്ടി | 2025 - ജൂൺ - ഡിസംബർ<br>2025 ജൂൺ - മാർച്ച് | Maths tr, SRG, PTA |

| | | | |
|---|---|---|---|
| 6) മികച്ച ഗണിത പ്രതിഭക-ളെ വളർത്തിയെടുക്കുക. | 1) ഗണിത മെഗാക്വിസ്<br>2) Numats exam- പരിശീലനം<br>3) ഗണിതോത്സവം<br>4) Video classes | 2025 ജൂൺ- ഡിസംബർ | SRG, PTA |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ① സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | എല്ലാ വിദ്യാർത്ഥികൾക്കും വായിക്കാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച്, എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിച്ച് വായിക്കൽ | എല്ലാ ദിവസവും | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| ② പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നു | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു | വർഷത്തിൽ 1 വീതം | SRG സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| ③ സാമൂഹ്യശാസ്ത്ര പഠനം പ്രവർത്തനങ്ങളിലൂടെ രസകരമാകുന്നു | സ്കൂൾ സാമൂഹ്യശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്ക് ഉറപ്പുവരുത്തുന്നു | വർഷത്തിൽ ഒരിക്കൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| ④ കുട്ടികളിൽ ബഹിരാകാശ പഠനത്തോട് താല്പര്യം ഉണ്ടാക്കുന്നു | ① ടെലിസ്കോപ്പ്, ജ്യോതിശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ, ഗ്രഹമാതൃകകൾ, നക്ഷത്രക്കൂട്ടങ്ങളുടെ മാതൃക, കമ്പ്യൂട്ടർ, പ്രൊജക്ടർ ഇവയുൾപ്പെടുത്തി ജ്യോതിശാസ്ത്ര ലാബ് ക്രമീകരിക്കുന്നു. | ദീർഘകാല പ്രവർത്തനം (6 മാസം) | SRG സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| | | | |
|---|---|---|---|
| | 2) പ്ലാനറ്റേറിയം സന്ദർശിപ്പിക്കുന്നു<br>3) വീടുകളിൽ, രാത്രികാല ആകാശനിരീക്ഷണം നടത്തുന്നു | എല്ലാ ദിവസവും | PTA |
| | 4) പതിപ്പുകൾ, ചുമർപത്രികകൾ ഇവ നിർമിക്കുന്നു | മാസം തോറും | |
| | 5) ക്വിസ് മത്സരങ്ങൾ നടത്തുന്നു | മാസം തോറും | |
| ⑤ ഭൂമിശാസ്ത്രപഠനം രസകരമാക്കുന്നതിന് | ഭൂപടങ്ങൾ, ഗ്ലോബ്, അറ്റ്ലസ് ഇടങ്ങിയവയുടെ സഹായത്തോടെയുള്ള പഠനം | എല്ലാ പ്രവൃത്തി ദിനങ്ങളും | സാമൂഹ്യശാസ്ത്രക്ലബ്ബ് |
| 6) സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ലോകത്തേക്ക് പ്രവേശിപ്പിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർബുക്കുകൾ ഇവ ശേഖരിച്ച് സാമൂഹ്യശാസ്ത്ര വായനാകോർണർ ഒരുക്കൽ<br>വിദ്യാലയത്തിൽ സൗകര്യപ്രദമായ രീതിയിൽ സാമൂഹ്യശാസ്ത്രലാബ് ക്രമീകരിക്കൽ | 2025-'26 വർഷം | സാമൂഹ്യശാസ്ത്രക്ലബ്ബ് |

# അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ① ശാസ്ത്രലാബ് നവീകരണം | 1) ശാസ്ത്രലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും വിഷയാടിസ്ഥാനത്തിൽ തരം തിരിക്കുന്നു. [Physics, chemistry, Biology] <br> 2) കാറ്റലോഗ് തയ്യാറാക്കൽ <br> 3) ഇരിപ്പിടങ്ങൾ ഒരുക്കൽ <br> 4) ശാസ്ത്രകിറ്റ് ഓരോ കുട്ടിക്കുമായി ഒരുക്കൽ. <br> 5) ലാബ് ഭിത്തികൾ ശാസ്ത്രകൗതുകവാർത്ത കൊണ്ട് അലങ്കരിക്കുക. | 1 വർഷം | സയൻസ് ക്ലബ്ബ് |
| ② ശാസ്ത്ര ലൈബ്രറി സജ്ജീകരണം | ① ശാസ്ത്രവിഷയങ്ങളിൽ കൂടുതൽ അറിവു നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നിങ്ങനെ തരം തിരിച്ച് പുസ്തകങ്ങൾ ക്രമീകരിക്കുന്നു. <br> 2) കാറ്റലോഗ് തയ്യാറാക്കുന്നു. <br> 3) ശാസ്ത്ര വായന കുറിപ്പ് തയ്യാറാക്കൽ- ശാസ്ത്രപുസ്തകങ്ങൾ എല്ലാ മാസവും വിതരണം ചെയ്ത് കുറിപ്പ് തയ്യാറാക്കൽ. | 2025 June - September | സയൻസ് ക്ലബ്ബ് |
| ③ ശാസ്ത്രമൂല, | ഉപയോഗിക്കുന്ന സാമഗ്രികളോടെ ശാസ്ത്രമൂല ഒരുക്കുന്നു. | | |
| ④ ശാസ്ത്ര വായനമൂല | ① ശാസ്ത്രപുസ്തകങ്ങൾ, reference texts, വായന കുറിപ്പ്, paper cuttings, magazines, etc. ശാസ്ത്ര വായന മൂലയിൽ ഒരുക്കുന്നു. | June - October | Science teacher <br> Science club. |

| | | | |
|---|---|---|---|
| 5) ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുന്നതിന് | 1) സ്കൂൾതലശാസ്ത്രമേളയിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുക/ പങ്കാളിത്തം ഉറപ്പാക്കുക<br>2) ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം<br>3) V-VII പാഠഭാഗങ്ങളിലെ പരീക്ഷണ പ്രവർത്തനങ്ങളുടെ പ്രദർശനം എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി | 1 വർഷം | സയൻസ്ക്ലബ്ബ് |
| 6) ജൈവവൈവിധ്യ പാർക്ക് നിർമാണം | 1) സ്കൂൾ പരിസരം ജൈവവൈവിധ്യ ഉദ്യാനമാക്കുക. വിവിധ ആവാസവ്യവസ്ഥകൾക്ക് അവസരമൊരുക്കുന്നു.<br>2) ശലഭോദ്യാനം തയ്യാറാക്കൽ. | 1 വർഷം | സയൻസ് ക്ലബ്ബ്<br>PTA |
| 7) ശാസ്ത്രപഠനം രസകരമാക്കുന്നതിന് | 1) ശാസ്ത്രപ്രാധാന്യമുള്ള കേന്ദ്രങ്ങളിലേക്ക് യാത്രകൾ, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ ഇവ നിരീക്ഷിക്കുന്നതിനുള്ള അവസരമൊരുക്കുന്നു.<br>2) തുടർപരീക്ഷണപ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സഹായത്തോടെ ചെയ്യുന്നത് | വർഷത്തിലൊന്ന് | SRG<br>സയൻസ് ക്ലബ്ബ് |
| | 3) ശാസ്ത്രകൗതുകവാർത്തകളുടെ പ്രദർശനം | ആഴ്ചയിലൊന്ന് | സയൻസ് ക്ലബ്ബ് |

| | | | |
|---|---|---|---|
| 8) പ്രതിഭാപോഷണ പരിപാടി | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ. | 1 വർഷം | SRG. |
| 9) സജീവമായ ശാസ്ത്ര ക്ലബ്ബ് – ശാസ്ത്രത്തിന്റെ മാജിക്കിലൂടെ | ശാസ്ത്ര ക്ലബ്ബ് –<br>1) എല്ലാ വീട്ടിലും ഓരോ ലഘു പരീക്ഷണം.<br>2) ശാസ്ത്രമാസിക<br>3) ശാസ്ത്രജ്ഞനെയറിയാം – പ്രമുഖ ശാസ്ത്രജ്ഞരെയും അവരുടെ കണ്ടുപിടുത്തങ്ങളെയും അറിയുക.<br>4) ശേഖരണപ്രവർത്തനങ്ങൾ –<br>– ഇല<br>– വേര്<br>– സുഗന്ധവ്യഞ്ജനങ്ങൾ<br>– ഔഷധസസ്യങ്ങൾ എന്നിവ<br>5) സെമിനാർ<br>6) പ്രോജക്ട്<br>7) ക്വിസ് പ്രോഗ്രാം | 1 വർഷം | SRG<br>Science club |
| | 8) ബോധവൽക്കരണപരിപാടികൾ | 1 വർഷം | നിയമപാലകർ. |
| | 9) രോഗങ്ങൾ – പ്രതിരോധമാർഗം, ബോധവൽക്കരണ ക്ലാസുകൾ | SRG<br>Health department | SRG<br>Health department |

| | | | |
|---|---|---|---|
| | 10) ലഘുലേഖകൾ, കുറിപ്പുകൾ, നോട്ടീസ്- ബോധവൽക്കരണ പരിപാടികൾ<br>11) വിദഗ്ധരുടെ ക്ലാസുകൾ<br>12) സോപ്പുനിർമാണം. | | |
| 10) സജീവമായ ശാസ്ത്രക്ലബ്ബ് - ശാസ്ത്രത്തിലൂടെ | 1) ലഘുപഠനോപകരണ നിർമാണം - വിദഗ്ധരുടെ മേൽനോട്ടത്തിൽ | I[st] term | Science club. |
| 11) പ്ലാസ്റ്റിക് രഹിത വിദ്യാലയം | 1) ബോധവൽക്കരണ പരിപാടികൾ -<br>(1) പ്ലാസ്റ്റിക് ഉപയോഗം പരിമിതപ്പെടുത്തുക.<br>(2) പ്ലാസ്റ്റിക്കിന് പകരം സംവിധാനങ്ങൾ - തുണിസഞ്ചി, പേപ്പർബാഗ് നിർമാണം.<br>(3) ഒഴിഞ്ഞ പ്ലാസ്റ്റിക് കുപ്പികളും മറ്റും ശേഖരിച്ച് അലങ്കാരവസ്തുക്കൾ നിർമിക്കൽ. | 1 വർഷം | Science club. |
| 12) കുടുംബകൃഷി പ്രോത്സാഹിപ്പിക്കൽ | 1) നടീൽവസ്തുക്കൾ, വിത്തുകൾ ഇവയുടെ വിതരണം, ഗ്രോബാഗ് വിതരണം.<br>2) വിദഗ്ധരുടെ ക്ലാസുകൾ. | 6 മാസം | SRG, Science club. |